**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

No. 173/2022

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പ. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ പ്രഥമ സ്ഥാനം നൽകുന്നത് വരുംതലമുറയുടെ ആത്മീയ പരിശീലനത്തിനാണ്. അപ്പോസ്തോലിക പാരമ്പര്യത്തിൽ ഇപ്രകാരം നമ്മെ പ്രബോധിപ്പിക്കുന്നു, "പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവ് വിളിച്ചുവരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ" (അപ്പോ.പ്രവൃ. 2:39). പ. സഭയിൽ പ്രസ്തുത ദൗത്യം സൺഡേസ്കൂൾ പ്രസ്ഥാനം വഴി നാം ഭംഗിയായി നിർവ്വഹിച്ചു വരുന്നു.

കോവിഡാനന്തര സാഹചര്യത്തിൽ എല്ലാ ദേവാലയങ്ങളിലും ഓഫ്‌ലൈനായി സൺഡേസ്കൂൾ ക്ലാസ്സുകൾ ആരംഭിച്ചു എന്ന് നാം മനസിലാക്കുന്നു. നമ്മുടെ എല്ലാ കുഞ്ഞുങ്ങളും സണ്ടേസ്കൂൾ പഠനം നടത്തുന്നുണ്ടെന്ന് വികാരിമാരും, അദ്ധ്യാപകരും ഉറപ്പാക്കണം. കുഞ്ഞുങ്ങളെ പഠനത്തിന് അയക്കുവാൻ മാതാപിതാക്കളും പ്രത്യേകം ശ്രദ്ധിക്കണം. സൺഡേസ്കൂൾ കേന്ദ്രതലത്തിൽ ക്രമീകരിച്ചിരിക്കുന്ന ഡിജിറ്റൽ സംവിധാനങ്ങൾ നമ്മുടെ ഓരോ യൂണിറ്റും ഭംഗിയായി ഉപയോഗിക്കണം. ഈ വർഷം ഒ.വി.ബി.എസ്. ക്ലാസുകൾ ഭംഗിയായി നടത്തുവാൻ കഴിഞ്ഞതിൽ പ്രവർത്തകരെ നാം അഭിനന്ദിക്കുന്നു. കോട്ടയം ദേവലോകം അരമനയോട് ചേർന്നുള്ള സണ്ടേസ്കൂൾ കേന്ദ്ര ഓഫീസിന്റെ നവീകരണം പൂർത്തിയാക്കി കൂദാശ നിർവ്വഹിച്ച് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു എന്നതിൽ നാം അതിയായി സന്തോഷിക്കുകയും, അതിനുവേണ്ടി അത്യധ്വാനം ചെയ്തവരെ അനുമോദിക്കുകയും ചെയ്യുന്നു. കേന്ദ്രതലത്തിലും ഭദ്രാസനതലത്തിലുമുള്ള പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് സർവ്വവിധ സഹായങ്ങളും നൽകണമെന്ന് നിങ്ങളെ നാം ഉദ്ബോധിപ്പിക്കുന്നു.

2022 മെയ് മാസം 29-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും സൺഡേസ്കൂൾ ദിനമായി ആചരിക്കണം. അന്നേദിവസം വിശുദ്ധ കുർബ്ബാനാനന്തരം പ്രസ്ഥാനത്തിനുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തണം. സൺഡേസ്കൂൾ അദ്ധ്യാപകർ ഭവനസന്ദർശനം നടത്തി സൺഡേസ്കൂൾ ദിന സംഭാവന ശേഖരിക്കണം. മെയ് മാസം 29-ാം തീയതി ഞായറാഴ്ചയിലെ കാണിക്കയും സൺഡേസ്കൂൾ ദിനത്തിൽ ശേഖരിച്ച തുകയും ചേർത്ത് **ഡയറക്ടർ ജനറൽ, ഒ.എസ്.എസ്.എ.ഇ., ദേവലോകം, കോട്ടയം-4** എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം. നെറ്റ് ബാങ്കിംഗ് വഴിയോ, മറ്റ് തരത്തിൽ ഓൺലൈൻ ആയോ തുക അടയ്ക്കുന്നവർ ട്രാൻസ്ഫർ ചെയ്തതിന്റെ വിശദവിവരം സണ്ടേസ്കൂൾ കേന്ദ്ര ഓഫീസിലേക്ക് അയച്ചുകൊടുക്കണം.

A/c Name: Director General OSSAE, A/c No.: 57017053258, IFS Code: SBIN0070820, Branch: SBI, Devalokam

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 മെയ് മാസം 12 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.